# JACOBITE SYRIAN CHRISTIAN CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

HEAD QUARTERS - X/02, PATRIARCH IGNATIUS ZAKKA I I WAS CENTRE

PUTHENCRUZ, KERALA, INDIA -682 308

PHONE : 0484 - 2732804, FAX : 0484-2732804


Date : ..........................................

## സഭാ യോജിപ്പ് അടഞ്ഞ അദ്ധ്യായം- ശ്രേഷ്ഠ കാതോലിക്ക ബാവ

**പുത്തൻകുരിശ്:-** പരി.സഭയുടെ പാരമ്പര്യ സത്യവിശ്വാസങ്ങൾക്ക് വിരുദ്ധമായ ഓർത്തഡോക്സ് സഭാ നേതൃത്വത്തിന്റെ നിലപാടുകൾ ആണ് സഭാ സമാധാനത്തിന് വിഘാതമായി നിന്നത് എന്നും, സഭാ യോജിപ്പ് അടഞ്ഞ അദ്ധ്യായമാണ് എന്നും ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ പറഞ്ഞു.

പരി.പാത്രിയർക്കീസ് ബാവായെ നിബന്ധനകൾ കൂടാതെ സഭയുടെ പരമ മേലദ്ധ്യക്ഷനായി കാണുവാനോ, ഇടവക പള്ളികൾ ഇടവക വിശ്വാസികളുടേതാണ് എന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ കണ്ടെത്തൽ അംഗീകരിക്കുവാനോ ഓർത്തഡോക്സ് സഭാ നേതൃത്വം തയ്യാറായില്ല. ആത്മീയ നൽവരങ്ങൾ പരി.അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നും പരി.സഭയ്ക്ക് ലഭിക്കുന്നു എന്നത് സഭയുടെ വിശ്വാസപരമായ അടിത്തറയാണ്. എന്നാൽ പരി.സിംഹാസനത്തെ മാറ്റിനിർത്തി ഒരു സ്വതന്ത്രസഭയ്ക്ക് രൂപം നൽകുകയാണ് ഓർത്തഡോക്സ് സഭാ നേതൃത്വം ചെയ്തത്.

പരി.പാത്രിയർക്കീസ് ബാവായ്ക്കെതിരെ വ്യവഹാരങ്ങൾ നൽകി സഭാതർക്കങ്ങൾ കൂടുതൽ രൂക്ഷമാക്കുവാനും, ഇടവക തലത്തിൽ തർക്കങ്ങൾ സൃഷ്ടിച്ചും വ്യവഹാരങ്ങൾ നൽകിയും അസമാധാനം സൃഷ്ടിക്കുവാനും ഓർത്തഡോക്സ് സഭാ നേതൃത്വം എന്നും ശ്രമിച്ചുവരുന്നു.

ബഹു.കോടതിയിൽനിന്നും പല ആവർത്തി ഇരുസഭകളും തമ്മിലുള്ള തർക്കങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കുകയാണ് വേണ്ടത് എന്ന് നിർദ്ദേശിക്കുകയും യാക്കോബായ സഭ ആദരവോടെ ബഹു.കോടതിയുടെ നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയും ചെയ്തു. എന്നാൽ ഓർത്തഡോക്സ് സഭാ നേതൃത്വത്തിന്റെ നിഷേധാത്മകമായ നിലപാടുകൾ ആയതിന് തിരിച്ചടിയായിത്തീരുകയായിരുന്നു. ഈ കാലയളവിൽ സാമൂഹിക സാംസ്ക്കാരീക നേതാക്കളും, ബഹു. ഗവൺമെന്റുകളും തർക്ക പരിഹാരത്തിന് ശ്രമങ്ങൾ നടത്തി എങ്കിലും മറുവിഭാഗം നിസ്സഹരിക്കുകയാണുണ്ടായത് എന്ന് ശ്രേഷ്ഠ ബാവ ചൂണ്ടിക്കാട്ടി.

സമാധാനത്തിന്റെ പേര് പറഞ്ഞ് വിശ്വാസികൾ പടുത്തുയർത്തിയ ദൈവാലയങ്ങളും സ്വത്തുക്കളും കവർന്നെടുക്കുവാനുള്ള ഏതു നീക്കത്തെയും യാക്കോബായ സഭ ശക്തമായി നേരിടുമെന്ന് ശ്രേഷ്ഠ ബാവ വ്യക്തമാക്കി. സഭയിൽ ആശയകുഴപ്പം സൃഷ്ടിച്ച് പ്രതിസന്ധിയുണ്ടാക്കാമെന്ന് ആരും കരുതണ്ട എന്ന് ശ്രേഷ്ഠ ബാവ പറഞ്ഞു. പൂർവ്വീക പിതാക്കന്മാരുടെ പ്രാർത്ഥനയും അനേകം വിശ്വാസികളുടെ ത്യാഗവും, സഹനവുമാണ് പരി.സഭക്ക് പ്രതിസന്ധികൾ അതിജീവിച്ച് മുന്നോട്ടു പോകുവാൻ കരുത്ത് നൽകുന്നത്.